DESPATCHED On..24/12/2020

14/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**ഹർജി നമ്പർ AP.No. 1573(5)/16/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 11764/SIC-G7/2016**

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. വി.കെ. സോമരാജൻ,**
**വഴിമംഗലത്ത് വീട്,**
**എരുമേലി പി.ഒ., കാഞ്ഞിരപ്പള്ളി,**
**കോട്ടയം – 686 509.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**തിരുവിതാംകൂർ ദേവസ്വം ബോർഡ്**
**അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്,**
**മുണ്ടക്കയം.**

**അപ്പീൽ അധികാരി &**
**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,**
**തിരുവിതാംകൂർ ദേവസ്വം ബോർഡ്,**
**പത്തനംതിട്ട.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 27.06.2016 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 04.08.2016 |
| ഒന്നാം അപ്പീൽ | 16.08.2016 |
| അപ്പീൽ അധികാരിയുടെ തീരുമാനം | ......... |
| രണ്ടാം അപ്പീൽ | 03.11.2016 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.05.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോട്ടയം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

1) എരുമേലി ദേവസ്വത്തിലെ ക്ഷേത്രത്തിന്റെയും അതിനോടനുബന്ധിച്ചുള്ള ആസ്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തി പോരുന്ന ആസ്തി രജിസ്റ്റർ ദേവസ്വത്തിൽ സൂക്ഷിക്കാറുണ്ടോ ? ഉണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി.

2) 1189, 1190, 1191 വർഷത്തിലെ മണ്ഡല മകരവിളക്കിനോടനുബന്ധിച്ച് എരുമേലി ദേവസ്വത്തിൽ വൃശ്ചികം ഒന്നു മുതൽ മകരം ആറു വരെയുള്ള കാലയളവിൽ ഓരോ ദിവസവും എത്ര പായ്ക്കറ്റ് അരവണയും എത്ര ടിൻ അരവണയും വിൽപ്പന യുണ്ടായി. ദിവസവും എണ്ണവും തരം തിരിച്ച് നൽകുക.

3) 1180 വർഷം മുതൽ 1191 വർഷം വരെ എരുമേലി ദേവസ്വത്തിലും എരുമേലി പേട്ട ദേവ സ്വത്തിലും കാണിക്കയിനത്തിലും ലേല കുത്തകയിനത്തിലും എത്ര രൂപാ വീതം കിട്ടി ? ഇനവും,

വർഷവും, ദേവസ്വവും തിരിച്ചു നൽകുക, എന്നു തുടങ്ങിയ 13 വിവര ങ്ങളാണ്.

2. പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറു പടിയിൽ തൃപ്തനാകാതിരുന്ന ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നാം അപ്പീൽ അധികാരി യിൽ നിന്ന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 15.10.2016 തീയതി രണ്ടാം എതിർകക്ഷി യോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. 03.11.2016 തീയതി അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ടിൽ, ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ഉൾക്കൊ ള്ളുന്ന രീതിയിലുള്ളതായിരുന്നു.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർ വിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, ടിയാന്റെ വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട് ആകാവുന്നത്ര വിവരങ്ങൾ നൽകിയിരുന്നു എന്നും തുടർന്ന് ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അക്കമിട്ട് തയ്യാറാക്കി സമർപ്പിക്കു കയും ഉണ്ടായി.

5. മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി തൃപ്തികരമല്ല എന്നും ഭൂരിഭാഗം വിവരങ്ങളും നൽകിയിട്ടില്ല എന്നുമാണ് കമ്മീഷൻ മുമ്പാകെ എഴുതി നൽകിയ സ്റ്റേറ്റ്മെന്റിൽ അപ്പീൽ ഹർജിക്കാരൻ അറിയിക്കുന്നത്.

6. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിൽ നിന്ന് ലഭ്യമായിട്ടുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നിരുന്നാലും അപ്പീൽ ഹർജിക്കാരന്റെ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ 04.05.2019 തീയതി വച്ച് നേർവിചാരണാ വേളയിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മറുപടി കത്തിന്റെ പകർപ്പ് ഈ ഉത്തരവ് കിട്ടി 5 ദിവസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരന് അയച്ചു നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 14 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി